# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# പത്രൊസും പ്രാർത്ഥനയുടെ ശക്തിയും




എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
Alastair Paterson
അംഗികരിച്ചത് : Ruth Klassen
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada



©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.




യേശുവിനെക്കുറിച്ച് പറയുവാൻ അപ്പൊസ്തലനായ പത്രൊസ് ദേശത്തെല്ലാടവും സഞ്ചരിച്ചു. ഒരു ദിവസം ലുദ്ദ എന്ന പട്ടണത്തിൽ എട്ടുവർഷമായി തളർവാതം പിടിച്ചുകിടന്ന ഒരാളെ കു. “യേശുക്രിസ്തു നിന്നെ സൗഖ്യമാക്കുന്നു. എഴുന്നേല്ക്കുക, നിന്റെ കിടക്ക ശരിയാക്കുക” എന്നു പത്രൊസ് പറഞ്ഞു. ഉടൻതന്നെ അയാൾ എഴുന്നേറ്റു. ഇതു ക ജനമെല്ലാം കർത്താവിങ്കലേക്കു തിരിഞ്ഞു.




അടുത്ത പട്ടണമായ യോപ്പയിലെ ആളുകൾ
ദുഃഖിതരായിരുന്നു. ഡോർക്കസ് (പേടമാൻ)
എന്നു പേരുള്ള ഒരു ക്രിസ്ത്യൻ
വനിത മരിച്ചുപോയി. അവരുടെ
സുഹൃത്തുക്കളെല്ലാംകൂടെ അവളുടെ
ശരീരം അടക്കം ചെയ്യുവാൻ വേി ഒരുക്കി
മാളികമുറിയിൽ കിടത്തിയിട്ട്
അവിടെയിരുന്ന്
വിലപിച്ചു.
3


പത്രൊസ് ആ
പ്രദേശത്തുണ്ടെന്ന്
ഡോർക്കസിന്റെ
സുഹൃത്തുക്കൾ
കേട്ടു. ഉടൻതന്നെ
യോപ്പയിലേക്ക്
വരുവാൻ അവർ
പത്രൊസിനോട്
അപേക്ഷിച്ചു.
4


അദ്ദേഹം മാളികമുറിയിൽ
എത്തിയപ്പോൾ,
ഡോർക്കസ് അഥവാ
തബീഥാ തങ്ങളോടുകൂടെ
ഉായിരുന്നപ്പോൾ
തുന്നിത്തന്ന ഉടുപ്പുകളും
മറ്റുവസ്ത്രങ്ങളും
വിധവമാർ കാണിച്ചു.
എല്ലാവരും
കരയുകയായിരുന്നു.
5


പത്രൊസ്
അവരെയെല്ലാം മുറിക്ക്
പുറത്തേക്കയച്ചശേഷം
മുട്ടിന്മേൽനിന്ന് പ്രാർത്ഥിച്ചു.
അനന്തരം ശരീരത്തിനുനേരെ
തിരിഞ്ഞ്: “തബീഥയേ,
എഴുന്നേൽക്കുക” എന്നു
പറഞ്ഞു. അവൾ
കണ്ണുതുറന്നു.
പത്രൊസിനെ
കിട്ട് എഴുന്നേറ്റിരുന്നു.
6


അദ്ദേഹം അവളെ
കൈക്കുപിടിച്ച്
എഴുന്നേല്പിച്ചു.
അതിനുശേഷം
വിശുദ്ധരെയും
(ക്രിസ്ത്യാനികൾ)
വിധവമാരെയും വിളിച്ച്
അവളെ ജീവനുള്ളവളായി
അവരെ ഏല്പിച്ചു.
യോപ്പയിലെല്ലായിടത്തും
ഇതു പ്രസിദ്ധമായി;
വളരെയാളുകൾ
കർത്താവിൽ വിശ്വസിച്ചു.
7


യോപ്പയിൽ കടലിനരികെയുള്ള ഒരു ഭവനത്തിൽ പത്രൊസ്
കുറെനാൾ പാർത്തു. ഒരു ദിവസം പത്രൊസ്
പ്രാർത്ഥിക്കുവാൻ വേി വീടിന്റെ മട്ടുപ്പാവിലേക്ക്
കയറി. പട്ടണമതിലുകൾക്ക് അപ്പുറത്തേക്ക്
അദ്ദേഹം എത്തിനോക്കിയിരുന്നുവെങ്കിൽ
മൂന്നു യാത്രക്കാർ
തന്നെ തിരക്കി
വരുന്നതു
കാണാമായിരുന്നു.
8

ദൈവത്തെ ആരാധിച്ചിരുന്ന റോമൻ പടയാളിയായ കൊർന്നല്യോസിന്റെ വേലക്കാരായിരുന്നു അവർ. പത്രോസിനെ കത്തുവാൻ കൊർന്നല്യോസ് തന്റെ



വേലക്കാരെ അയയ്ക്കാൻ കാരണം ഒരു ദൂതൻ ദർശനത്തിൽ തന്നോടു പറഞ്ഞു:

9

“ആളയച്ചു പത്രോസിനെ വരുത്തുക. അയാൾ തോല്പ്പണിക്കാരനായ ശിമോനോടുകൂടെ പാർക്കുന്നു.



അവന്റെ വീട് കടൽപ്പുറത്താണ്. നീ എന്തു ചെയ്യേണമെന്ന് അയാൾ പറഞ്ഞുതരും.”

10

പത്രൊസ് മട്ടുപ്പാവിൽ പ്രാർത്ഥിച്ചുകൊിരുന്നപ്പോൾ ദൈവം അദ്ദേഹത്തിന് ഒരു ദർശനം കൊടുത്തു. ഒരു വലിയ വിരിപോലെയുള്ള ഒന്ന് ഭൂമിയിലേക്ക് ഇറങ്ങിവരുന്നത് കു. അതിൽ നാല്ക്കാലികളും പക്ഷികളും ഉായിരുന്നു.



11

അത് “അശുദ്ധ”മായവയാണെന്ന് പത്രൊസ് പറഞ്ഞു. അതിന്റെയർത്ഥം ഭക്തരായ യഹൂദന്മാർക്ക് അത് കഴിക്കുവാനുള്ള അനുമതിയില്ലായിരുന്നു. പെട്ടെന്ന് ഒരു ശബ്ദം അദ്ദേഹത്തോട് പത്രൊസേ, എഴുന്നേറ്റ് കൊന്നുതിന്നുക, എന്നു പറഞ്ഞു.



12

“ഇല്ല കർത്താവേ” പത്രൊസ് ദൈവത്തോട് പറഞ്ഞു: “അശുദ്ധമോ മലിനമോ ആയതൊന്നും ഞാനൊരിക്കലും ഭക്ഷിച്ചിട്ടില്ല.” രാമതും ആ ശബ്ദം അദ്ദേഹത്തോട് സംസാരിച്ചു. “ദൈവം ശുദ്ധീകരിച്ചതൊന്നും അശുദ്ധമെന്ന് പറയരുത്.” മൂന്നു പ്രാവശ്യം ഇപ്രകാരം സംഭവിച്ചു. എന്നിട്ട് ആ വിരി സ്വർഗത്തിലേക്ക് തിരിച്ച് എടുക്കപ്പെട്ടു.



13

ഈ ദർശനത്തിന്റെ അർത്ഥമെന്താണെന്ന് പത്രൊസിന് മനസ്സിലായില്ല, അതിനെക്കുറിച്ച് ചിന്തിച്ചുകൊിരിക്കുമ്പോൾ, ദൈവം അദ്ദേഹത്തോടു പറഞ്ഞു മൂന്നുപേർ നിന്നെ അന്വേഷിക്കുന്നു അവരോടൊപ്പം പോകുക.



14


അങ്ങയെ വീട്ടിലേക്ക് വരുത്തണമെന്ന് ഒരു വിശുദ്ധ
ദൂതനാൽ കൊർന്നല്യോസിന് അരുളപ്പാടുായി
എന്ന് ഈ മൂന്ന് പുരുഷന്മാർ പത്രൊസിനോട്
പറഞ്ഞപ്പോൾ അദ്ദേഹത്തിന് മനസ്സിലായി ഇത്
ദൈവത്തിന്റെ നടത്തിപ്പാണെന്ന്.
അടുത്ത ദിവസം
പത്രൊസും ആറ്
സുഹൃത്തുക്കളും
കൂടെ
കൊർന്നല്യോസിന്റെ
വീട്ടിലേക്ക്
പോയി.
15


യഹൂദനല്ലാത്ത
ഒരുവന്റെ വീട്ടിലേക്ക്
പോയിക്കൊിരുന്നപ്പോൾ
ഒരുപക്ഷേ, പത്രൊസ്
മനസ്സിലാക്കുവാൻ തുടങ്ങി
ദൈവം എല്ലാ ജനങ്ങളെയും
സ്നേഹിക്കുന്നു. യേശുവാണ്
ലോകത്തിന്റെ രക്ഷിതാവെന്ന്
എല്ലാ ജാതികളും അറിയണമെന്ന്
ദൈവം ആഗ്രഹിച്ചു. പത്രൊസ്
എത്തിയപ്പോൾ, കൊർന്നല്യോസ്
ആദരപൂർവ്വം കാല്ക്കൽ
വീണ് വന്ദിച്ചു.
16


“എഴുന്നേല്ക്കുക, ഞാൻ കേവലം ഒരു മനുഷ്യനത്രേ” എന്നു
പത്രൊസ് കൊർന്നല്യോസിനോട് പറഞ്ഞു, “ഒരു യഹൂദൻ
വിജാതീയനായ ഒരാളോട് സഹകരിക്കുകയോ അവനെ
സന്ദർശിക്കുകയോ ചെയ്യുന്നത് ഞങ്ങളുടെ ന്യായപ്രമാണത്തിന്
വിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ!”
17


“എന്നാൽ ഒരു മനുഷ്യനെയും അശുദ്ധനെന്നോ മലിനനെന്നോ
വിളിക്കരുതെന്ന് ദൈവം എനിക്ക് കാണിച്ചുതന്നിരിക്കുന്നു.”
18


ദൈവത്തിന്റെ പുത്രനായ യേശു ക്രൂശിന്മേൽ മരിക്കുകയും
ഉയിർത്തെഴുന്നേറ്റ് ലോകരക്ഷിതാവാകുകയും ചെയ്തെന്ന്
പത്രൊസ് ജാതികളോട് (യഹൂദരല്ലാത്തവർ) പ്രസംഗിച്ചു.
അപ്പോൾതന്നെ എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു.
അവർ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി.
19


പത്രൊസിനോടൊപ്പം വന്ന യെഹൂദരായ
സുഹൃത്തുക്കൾ ആറുപേരും വിസ്മയഭരിതരായി. അത്
പെന്തെക്കൊസ്തുപോലെയായിരുന്നു. പരിശുദ്ധാത്മാവ്
എന്ന ദാനം ജാതികളുടെമേലും പകരപ്പെടുകയായിരുന്നു.
അനന്തരം പത്രൊസ് ഈ പുതിയ വിശ്വാസികളെ യേശുവിന്റെ
നാമത്തിൽ സ്നാനം കഴിപ്പിച്ചു.
20

ജാതികളെ സന്ദർശിച്ചതിന് യെരൂശലേമിലെ ക്രിസ്ത്യാനികൾ പത്രൊസിനെ വിമർശിച്ചു. അതുകൊ് പത്രൊസ് തനിക്കും കൊർന്നല്യോസിനും പ്രാർത്ഥനയിൽ ലഭിച്ച ദർശനങ്ങളെക്കുറിച്ച് അവരോട് പറഞ്ഞു. ഇതു കേട്ടുകഴിഞ്ഞപ്പോൾ യെരൂശലേമിലെ വിശ്വാസികൾ മിാതിരുന്നു. ദൈവത്തിന്റെ സ്നേഹം ഏവർക്കുമുള്ളതാണെന്ന് പ്രാർഥനയിലൂടെ അവൻ ക്രിസ്ത്യൻ സഭയ്ക്ക് കാണിച്ചുകൊടുത്തതിനാൽ
അവർ ദൈവത്തെ സ്തുതിച്ചു.



21

പത്രൊസും പ്രാർത്ഥനയുടെ ശക്തിയും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

അപ്പൊസ്തല പ്രവൃത്തികൾ 9–12

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

22



# അവസാനം

57 60

23

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16

24